# PSC Plumber - Health / Medical Education Examination
# Previous Year Question Paper

***Exam Name:*** ***Plumber - Health / Medical Education***

***Date of Test : 13.01.2016***

***Question Paper Code: 007/2016***

***Medium of Questions: Malayalam***

PSCNET.in

www.pscnet.in fb.com/pscnet.in

**007/2016-M**

Maximum : 100 marks

Time : 1 hour and 15 minutes

1. മഴവെള്ളത്തോടൊപ്പം ഒലിച്ചുവരുന്ന സിൽട്ട്, മണ്ണ്, ചരൽ കല്ലുകൾ എന്നിവ സീവറിൽ എത്തുന്നത് തടയുന്നത് ———— ഉപകരണമാണ്.
   - (A) ഇൻസ്പെക്ഷൻ ചേംബർ
   - (B) ഇൻലെറ്റ്
   - (C) ക്യാച്ച്പിറ്റ്
   - (D) മഴവെള്ള സംഭരണി

2. ഇരുമ്പ് പ്രധാന ഘടകമായിട്ടുള്ള ലോഹങ്ങളെ ———— ലോഹങ്ങൾ എന്നു വിളിക്കുന്നു.
   - (A) നോൺ-ഫെറസ്
   - (B) ഫെറസ്
   - (C) കൂട്ടുലോഹം
   - (D) വാർപ്പിരുമ്പ്

3. ഡ്രെയിൻ (Drain) പൈപ്പുകളിൽ നിർമ്മിക്കുന്ന പരിശോധനാ അറകളെയാണ് ———— എന്നു പറയുന്നത്.
   - (A) മാൻഹോൾ
   - (B) ഇൻസ്പെക്ഷൻ ചേംബർ
   - (C) ഔട്ട് ഫാൾ
   - (D) ഇൻലെറ്റ്

4. ഒരു ആന്റ്സൈഫനേജ് പൈപ്പിന്റെ ഉപയോഗം ട്രാപ്പിലെ ———— തടയാൻ വേണ്ടിയാണ്.
   - (A) ഒഴുക്ക്
   - (B) കടലാസ്, തുണിക്കഷ്ണങ്ങൾ
   - (C) ട്രാപ്പിന്റെ പൊസിഷൻ
   - (D) ട്രാപ്പ് സൈഫനേജ്

5. വളരെയധികം സങ്കോചവികാസങ്ങൾക്ക് വിധേയമാകുന്ന പൈപ്പുകളിൽ ———— ജോയിന്റുകൾ ഉപയോഗിക്കുന്നു.
   - (A) എക്സ്പാൻഷൻ
   - (B) ഫ്ലാൻജ്
   - (C) വെൽഡഡ്
   - (D) സോൾഡർ

6. വാഷ്ബേസിനു മുകളിൽ കുത്തനെ സ്ഥാപിക്കുന്ന കോക്കുകൾ (Cocks) ആണ്.
   - (A) പില്ലർ കോക്ക്
   - (B) ബിബ് കോക്ക്
   - (C) സ്റ്റോപ് കോക്ക്
   - (D) ബാധകമല്ല

7. ഒരു കിലോമീറ്റർ ജലം എന്ന് പറഞ്ഞാൽ :
   - (A) 100 ലിറ്റർ
   - (B) 2000 ലിറ്റർ
   - (C) 1000 ലിറ്റർ
   - (D) 1500 ലിറ്റർ



Join PSC WhatsApp Broadcast List : 90747 20773

8. ഗ്യാസ് വെൽഡിങ്ങിന് ഉപയോഗിക്കുന്ന ഇന്ധനവാതകങ്ങളാണ് :

(A) ഓക്സിജനും കാർബൺഡൈ ഓക്സൈഡും (B) ഓക്സിജനും അസറ്റലിനും

(C) അസറ്റലിൻ, $CO_2$ (D) ബാധകമല്ല

9. കുഴലുകൾ (Pipe) വളയ്ക്കുമ്പോൾ അവ നിർദ്ദിഷ്ട അളവിലും രൂപത്തിലുമാണ് വളയ്ക്കുന്നത് എന്നു ഉറപ്പുവരുത്താൻ ഉപയോഗിക്കുന്ന ഉപകരണം ഏത്?

(A) ലേ ഔട്ട് (B) ബെഡിംഗ്

(C) സ്കാഫോൾഡ് (D) ടെംപ്ലേറ്റ്

10. പൈപ്പുകൾ ജോയിന്റ് ചെയ്യുമ്പോൾ സോക്കറ്റിനകത്തേക്ക് ഈയം അടിച്ചുകയറ്റുവാൻ ഉപയോഗിക്കുന്ന ഉപകരണമാണ് :

(A) ലാഡിൽ (B) സ്പ്ലാഷ് സ്റ്റിക്

(C) കോക്കിങ് ടൂൾ (D) വാഷർ കട്ടർ

11. ലോഹഷീറ്റുകൾ മുറിച്ചെടുക്കാൻ ഉപയോഗിക്കുന്ന ഉപകരണത്തെ ———— എന്നു പറയുന്നു.

(A) ഷിയർ (B) ഡ്രാനൈഫ്

(C) ഡ്രെസർ (D) ബെന്റ് പിൻ

12. ഫാസനിങ്ങിൽ ഉപയോഗിക്കുന്നതും രണ്ട് അറ്റങ്ങളിലും (ends) പിരിയുമുള്ള വസ്തു ഏത്?

(A) സ്ക്രൂ (B) കോട്ടർ

(C) സ്റ്റഡ് (D) കീ

13. ബൗൾ ടൈപ്പ് യൂറിനലിന്റെ ഔട്ട്ലെറ്റിന് ———— വ്യാസമുണ്ട്.

(A) 25 mm (B) 15 mm

(C) 32 mm (D) 40 mm

14. ഡ്രെയിൻ പൈപ്പ് സീവറുമായി ബന്ധിപ്പിക്കുമ്പോൾ ഉപയോഗിക്കുന്ന ട്രാപ്പാണ് :

(A) ഫ്ലോർ ട്രാപ്പ് (B) ഗള്ളി ട്രാപ്പ്

(C) ഇന്റർസെപ്റ്റിക് ട്രാപ്പ് (D) ബോട്ടിൽ ട്രാപ്പ്

15. താഴെ പറയുന്നതിൽ ഏത് വാൽവാണ് പമ്പുകളിൽ പ്രൈമിങ്ങ് നിലനിർത്തുവാൻ ഉപയോഗിക്കുന്നത്?

(A) ഫൂട്ട് വാൽവ് (B) സ്ലൂയിസ് വാൽവ്

(C) സേഫ്റ്റി വാൽവ് (D) സ്റ്റോപ്പ് വാൽവ്

16. സാധാരണ ഉപയോഗിക്കുന്ന ട്വിസ്റ്റ് ഡ്രില്ലിന്റെ കട്ടിംങ്ങ് ആംഗിൾ എത്ര?

(A) 120° (B) 110°

(C) 118° (D) 90°



Join PSC WhatsApp Broadcast List : 90747 20773

17. ഫ്ലഷിംഗ് ടാങ്കുകളിൽ വെള്ളം നിയന്ത്രിക്കുവാൻ സ്ഥാപിക്കുന്ന വാൽവ് ഏതാണ്?

(A) ഫ്ലോട്ട് വാൽവ് (B) ബാൾ വാൽവ്

(C) ചെക്ക് വാൽവ് (D) സ്റ്റോപ് വാൽവ്

18. മൈക്കാ ഫ്ലാപ് വാൽവ് ഉപയോഗിക്കുന്നത് :

(A) വെള്ളത്തിന്റെ ഗതി നിയന്ത്രിക്കുവാൻ

(B) വായുവിന്റെ ഗതി നിയന്ത്രിക്കുവാൻ

(C) സീവേജ് കടത്തിവിടാൻ

(D) ഡ്രെയിനിലേക്ക് ശുദ്ധവായു കടത്തിവിടാൻ

19. സീവറുകളുടെ ഇൻവെർട്ട് പരിശോധിക്കുവാൻ സഹായിക്കുന്ന ഉപകരണമാണ് :

(A) ബോണിങ്ങ് റോഡ് (B) മെഷറിംഗ് ടാപ്പ്

(C) സൈറ്റ് റെയിൽ (D) വാൾ ജംപർ

20. വാട്ടർപമ്പുകളിൽ ബാക്ക് പ്രഷർ തടയുവാൻ വേണ്ടി സ്ഥാപിക്കുന്ന ഉപകരണമാണ് :

(A) ഗൈറ്റ് വാൽവ് (B) ഫൂട്ട് വാൽവ്

(C) സേഫ്റ്റി വാൽവ് (D) റിഫ്ലക്സ് വാൽവ്

21. വാർപ്പിരുമ്പ് (Cast-iron) പൈപ്പുകൾ ഉപയോഗിക്കുമ്പോൾ എന്ത് ടെസ്റ്റാണ് നടത്താറുള്ളത്?

(A) കാബസ്റ്റിൻ ടെസ്റ്റ് (B) ഹൈഡ്രോഫോർമിംഗ് ടെസ്റ്റ്

(C) ഹൈഡ്രോസ്റ്റാറ്റിക് ടെസ്റ്റ് (D) കൊളിഷ്യൽ ടെസ്റ്റ്

22. പൊതുസ്ഥലങ്ങളിൽ കുടിവെള്ളവിതരണത്തിന് സ്ഥാപിക്കുന്ന ഉപകരണമാണ് :

(A) വാഷ്ബേസിൻ (B) കിച്ചൺ സിങ്ക്

(C) ഡ്രിങ്കിംങ്ങ് ഫൗണ്ടേൻ (D) സ്വിമ്മിംഗ് പൂൾ

23. ജലത്തിൽ ക്ലോറിനേഷൻ നടത്തുന്നത് :

(A) സസ്പെൻഡഡ് മാലിന്യങ്ങൾ നീക്കാൻ (B) ലവണങ്ങൾ നീക്കാൻ

(C) പ്ലവകങ്ങളായ മാലിന്യങ്ങൾ നീക്കാൻ (D) ജീവാണുക്കളെ നശിപ്പിക്കുവാൻ

24. പമ്പും മോട്ടോറും ഒന്നിച്ച് ബോഡി കാസ്റ്റിങ്ങ് ആയിട്ടുള്ള പമ്പുകളെ ———— എന്നു വിളിക്കുന്നു.

(A) മോണോബ്ലോക്ക് പമ്പ് (B) സ്റ്റേജ് പമ്പ്

(C) ജെറ്റ് പമ്പ് (D) ഹാൻഡ് പമ്പ്



Join PSC WhatsApp Broadcast List : 90747 20773

25. പൈപ്പുകളുടെ വ്യാസം കുറയ്ക്കുവാൻ ഉപയോഗിക്കുന്ന പൈപ്പ് ഫിറ്റിംഗ് ആണ് :

(A) സോക്കറ്റ്
(B) റെഡ്യൂസർ
(C) ബെൽ
(D) യൂനിയം

26. പൈപ്പ് വൈസുകൾ ഉപയോഗിക്കുന്നത് :

(A) റൗണ്ട് പീസുകൾ പിടിപ്പിക്കുവാൻ
(B) ഫ്ലാറ്റ് പീസുകൾ പിടിപ്പിക്കുവാൻ
(C) സ്ക്വയർ പീസുകൾ പിടിപ്പിക്കുവാൻ
(D) ട്രൈആംഗിൾ പീസുകൾ പിടിപ്പിക്കുവാൻ

27. ട്രൈസ്ക്വയറുകൾ തരംതിരിക്കുന്നത് അവയുടെ ________ നോക്കിയാണ്.

(A) ആംഗിൾ
(B) ബ്ലെയിഡിന്റെ നീളം
(C) സ്റ്റോക്ക്
(D) ബ്ലെയ്ഡും സ്റ്റോക്കും

28. ഹാൻഡ് ടാപ്പുകൾ ഉപയോഗിക്കുന്നത് :

(A) മെഷീൻ ഉപയോഗിച്ച്
(B) ബാഹ്യ പിരിയുണ്ടാക്കാൻ
(C) പിരി വൃത്തിയാക്കാൻ
(D) ആന്തരിക പിരിയുണ്ടാക്കാൻ

29. മരം, ലെതർ, മറ്റു സോഫ്റ്റ് പദാർത്ഥങ്ങൾ ഫയൽ ചെയ്യുവാൻ ________ ഫയൽ ഉപയോഗിക്കുന്നു.

(A) സെക്കന്റ് കട്ട്
(B) റഫ് ഫയൽ
(C) റാസ്പ് കട്ട്
(D) കർവ്ഡ് ടൂത്ത്

30. പണിസ്ഥലങ്ങളിൽ താൽക്കാലികമായി കെട്ടിയുണ്ടാക്കുന്നതും, ജോലിക്കാരും, മറ്റു സാധനങ്ങളും താങ്ങിനിർത്തുന്നതിനും ________ ഉപയോഗിക്കുന്നു.

(A) സ്കാഫോൾഡിംഗ്
(B) വർക്ക് ബെഞ്ച്
(C) മരപ്പാലം
(D) ബാധകമല്ല

31. ഡ്രിൽ ചക്കുകൾ ഉപയോഗിക്കുന്നത് :

(A) സ്ലീവുകൾ സ്ഥാപിക്കുവാൻ
(B) സോക്കറ്റ് ഉറപ്പിക്കുവാൻ
(C) ഡ്രിൽബിറ്റ് ഉറപ്പിക്കുവാൻ
(D) ബാധകമല്ല

32. ഹാക്ക്സോ ബ്ലേഡിന്റെ പിച്ച് അളക്കുന്നത് :

(A) രണ്ട് പല്ലുകളുടെ അകലം അളന്ന്
(B) പല്ലുകളുടെ ആഴം നോക്കി
(C) പല്ലുകളുടെ ചെരിവ് നോക്കി
(D) ബാധകമല്ല

33. ഫയൽ പിന്നിംഗ് എന്ന് പറയുന്നത് :

(A) ഫയലിന്റെ ഒരു ഭാഗമാണ്
(B) ഫയലിന്റെ പല്ലുകൾക്കിടയിൽ മെറ്റൽ അടിയുന്നത്
(C) പുതിയ ഫയൽ ക്രമീകരിക്കുന്നത്
(D) ഫയലുകളുടെ തരംതിരിക്കൽ



Join PSC WhatsApp Broadcast List : 90747 20773

34. സെൻസിറ്റീവ് ബെഞ്ച് ഡ്രില്ലിംഗ് മെഷീനിന്റെ വേഗത നിയന്ത്രിക്കുന്നത് :
(A) മോട്ടോർ (B) ബെൽറ്റ്
(C) സ്പിന്റിൽ (D) സ്റ്റെപ്പ്ഡ് പുള്ളികൾ

35. സ്റ്റോക്ക് ആന്റ് ഡൈസെറ്റ് എന്തിന് വേണ്ടി ഉപയോഗിക്കുന്നു?
(A) ആന്തരികമായി പിരിയിടുവാൻ (B) ബാഹ്യമായി പിരിയിടുവാൻ
(C) ആന്തരികമായി ഫയൽ ചെയ്യാൻ (D) ബാധകമല്ല

36. ലോഹങ്ങൾ ചിപ്പ് ചെയ്യാനും, മുറിച്ചെടുക്കാനും ഉപയോഗിക്കുന്ന ടൂൾ (ആയുധം) ആണ് :
(A) കോൾഡ് ചിസൽ (B) ഫയൽ
(C) ഹാക്സോ (D) റീമർ

37. എ.സി. പൈപ്പുകളുടെ ഗുണം എന്ത്?
(A) കനം കുറവാണ് (B) ബ്രിട്ടിൽ സ്വഭാവമാണ്
(C) കൊറോഷൻ ബാധിക്കുന്നില്ല (D) പെട്ടെന്ന് പൊട്ടുന്നു

38. ചൂടുള്ള പണികട്ടകൾ ഉലയിൽനിന്നും എടുക്കുവാൻ ഉപയോഗിക്കുന്ന ഉപകരണം :
(A) പ്ലയേഴ്സ് (B) കൊടിൽ (Tongs)
(C) സ്നിപ്സ് (D) ബെഞ്ച് വൈസ്

39. ഏത് ലോഹത്തിലാണ് ഇരുമ്പും, കാർബണും അടങ്ങിയിരിക്കുന്നത്?
(A) അലുമിനിയം (B) സ്റ്റീൽ
(C) ക്രോമിയം (D) ഈയം

40. കാർപെന്റേഴ്സ് (മരപ്പണിക്കാർ) മാർക്കിങ്ങിന് ഉപയോഗിക്കുന്ന ഉപകരണമേത്?
(A) സ്ക്രൈബർ (B) സ്ക്രൂ ഡ്രൈവർ
(C) മാർക്കിങ്ങ് ഗേജ് (D) ചിസൽ

41. ചൂടുവെള്ളം കൊണ്ടുപോകുവാൻ ഉപയോഗിക്കുന്ന പൈപ്പ് ഏത്?
(A) ലെഡ് പൈപ്പ് (B) കോപ്പർ പൈപ്പ്
(C) പി.വി.സി. പൈപ്പ് (D) എ.സി. പൈപ്പ്

42. ഒറ്റക്കുഴൽ (Single stack) രീതിയിൽ എത്ര സെറ്റ് പൈപ്പുകൾ വേണം?
(A) രണ്ട് (B) മൂന്ന്
(C) ഒന്ന് (D) നാല്



Join PSC WhatsApp Broadcast List : 90747 20773

43. എന്തിനാണ് വാളുകളുടെ പല്ലുകൾ സെറ്റ് ചെയ്യുന്നത്?

(A) മുറിക്കുന്ന വിടവിലൂടെ വാളിന്നു പ്രയാസമില്ലാതെ കടന്നു പോകാൻ

(B) എളുപ്പത്തിൽ മുറിച്ചെടുക്കാൻ

(C) വളവില്ലാതെ മുറിച്ചെടുക്കാൻ

(D) വാളിൽ ലൂബ്രിക്കേഷൻ ചെയ്യാൻ

44. ബ്രിക്ക് വർക്കിൽ സാധാരണ ഉപയോഗിക്കുന്ന ബോണ്ട് ഏതാണ്?

(A) ഫ്ലെമിഷ് ബോണ്ട്
(B) ഇംഗ്ലീഷ് ബോണ്ട്
(C) സ്ട്രെച്ചർ ബോണ്ട്
(D) ഹെഡർ ബോണ്ട്

45. എന്തിനെ ആശ്രയിച്ചാണ് ട്രാപ്പിന്റെ കാര്യക്ഷമത നിർണ്ണയിക്കുന്നത്?

(A) Shape (രൂപം)
(B) ഉപയോഗം
(C) Water Seal (വാട്ടർ സീൽ)
(D) മെറ്റീരിയൽ

46. സോക്ക്പിറ്റുകൾ, ഡിസ്പേർസൺ ട്രെൻച്ചുകൾ എന്നിവ ———— സംസ്കരിക്കുവാൻ ഉപയോഗിക്കുന്നു.

(A) സെപ്റ്റിക് ടാങ്ക് എഫ്ലൂഎന്റ് (effluent)
(B) മഴവെള്ളം
(C) വെയ്സ്റ്റ് വാട്ടർ
(D) സീവേജ്

47. മറ്റു ഉപകരണങ്ങളില്ലാതെ കൂടെക്കൂടെ അഴിക്കാനും കൂട്ടിച്ചേർക്കാനും വേണ്ടി ഉപയോഗിക്കുന്ന നട്ട് (Nut) ഏതാണ്?

(A) വിംഗ് നട്ട് (Wing nut)
(B) കേപ് നട്ട് (Cap nut)
(C) സ്ക്വയർ നട്ട്
(D) റൗണ്ട് നട്ട്

48. പാരിസ്ഥിതിക പ്രവർത്തനം കൊണ്ട് ലോഹങ്ങളിലുണ്ടാകുന്ന മാറ്റത്തിനെ ———— എന്നു പറയുന്നു.

(A) കണ്ടക്ഷൻ
(B) റേഡിയേഷൻ
(C) കണ്ടസെക്ഷൻ
(D) കൊറേഷൻ

49. വിവിധ പൈപ്പുകളുടെ വ്യാസം കണക്കാക്കുന്നത് ———— അളന്നിട്ടാണ്.

(A) ആന്തരിക വ്യാസം
(B) ബാഹ്യ വ്യാസം
(C) ആന്തരികവും ബാഹ്യവ്യാസവും കൂടി
(D) പൈപ്പിന്റെ കനം

50. വെള്ളത്തിന്റെ ബാക്ക് പ്രഷർ ഉണ്ടാക്കുവാൻ സാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പൈപ്പ് :

(A) കാസ്റ്റ് അയേൺ
(B) സ്റ്റീൽ പൈപ്പ്
(C) ഗാൽവനൈസ്ഡ് അയൺ പൈപ്പ്
(D) പി.വി.സി. പൈപ്പ്



Join PSC WhatsApp Broadcast List : 90747 20773

51. പൈപ്പുകളും മറ്റു സ്ട്രച്ചറുകളും (Structure) സ്ഥാപിക്കുമ്പോൾ ലംബം (Vertical) പരിശോധിക്കുന്ന ആയുധം (Tool) ഏത്?

(A) വാട്ടർ ലെവൽ
(B) സ്പിരിറ്റ് ലെവൽ
(C) പ്ലംബ് - ബോബ്
(D) സ്റ്റീൽ ടേപ്പ്

52. കിച്ചൺ സിങ്ക്, വാഷ്ബേസിൻ എന്നിവയുടെ വെയ്സ്റ്റ് ഫിറ്റിംഗുകളിൽ നേരിട്ട് സ്ഥാപിക്കാവുന്ന ഒരു ട്രാപ്പാണ് :

(A) Floor trap (ഫ്ലോർ ട്രാപ്പ്)
(B) ഗള്ളി ട്രാപ്പ്
(C) ഇന്റർസെപ്റ്ററിംഗ് ട്രാപ്പ്
(D) ബോട്ടിൽ ട്രാപ്പ്

53. ജൈവാവശിഷ്ടങ്ങൾ ജീർണ്ണിക്കാനിടയാകുമ്പോൾ സൃഷ്ടിക്കപ്പെടുന്ന ദൂഷിച്ച വായു സീവറിൽ ലൈനിൽനിന്നും അന്തരീക്ഷത്തിലേക്ക് കടത്തിവിടുന്ന പൈപ്പുകളെ ———— എന്നു വിളിക്കുന്നു.

(A) വെന്റിലേറ്റിംഗ് ഷാഫ്റ്റ്
(B) ആന്റിസൈഫൻ പൈപ്പ്
(C) ഇൻവെർട്ടഡ് സൈഫൺ
(D) വെന്റ് പൈപ്പ്

54. ജലം ശുദ്ധീകരിക്കുവാൻ ചെറിയ ഇൻഡസ്ട്രിയൽ പ്ലാന്റുകളിൽ സ്ഥാപിക്കുന്ന ഫിൽറ്റർ ഏതാണ്?

(A) റാപ്പിഡ് സാൻഡ് ഫിൽറ്റർ
(B) സ്ലോ സാൻഡ് ഫിൽറ്റർ
(C) പ്രഷർ ഫിൽറ്റർ
(D) ഫിൽറ്റർ

55. സീവേജ് സ്വയം ഒഴുകിപ്പോകുന്നതിനാവശ്യമായ പ്രവേഗം ലഭിക്കാൻ പൈപ്പുകൾക്ക് ———— വേണം.

(A) ജോയിന്റ്
(B) വളവ്
(C) ഗ്രേഡിയന്റ്
(D) ലംബം

56. മനുഷ്യവിസർജ്ജ്യം അടക്കമുള്ള മാലിന്യങ്ങൾ താല്ക്കാലികമായി സംഭരിക്കുന്ന ഭൂഗർഭസംഭരണിയാണ് :

(A) സോക്ക് പിറ്റ്
(B) സെപ്ടിക് ടാങ്ക്
(C) അബ്സോർബൺ ട്രൻച്
(D) സെസ് പൂൾ

57. ബെഞ്ച് വൈസ് നിർമ്മിച്ചിരിക്കുന്നത് :

(A) പച്ചിരുമ്പ്
(B) വാർപ്പിരുമ്പ് (Cast-iron)
(C) ഹൈകാർബൺ സ്റ്റീൽ
(D) ഈയം

58. വികാറ്റ്സ് നീഡിൽ അപാരറ്റസ് ഉപയോഗിച്ചു കോൺക്രീറ്റിൽ ഏത് തരം പരിശോധനയാണ് നടത്തുന്നത്?

(A) സ്ലംപ് ടെസ്റ്റ്
(B) വർക്കബിലിറ്റി
(C) മിക്സിംഗ്
(D) കൺസിസ്റ്റൻസി



Join PSC WhatsApp Broadcast List : 90747 20773

59. ന്ര്യൂ ജോയിന്റുകൾ ഉപയോഗിച്ച് പൈപ്പുകൾ ബന്ധിപ്പിക്കുന്നത് :

(A) ഗാൽവനൈസ്ഡ് അയേൺ
(B) എ.സി. പൈപ്പ്
(C) സ്റ്റീൽ പൈപ്പ്
(D) വാർപ്പിരുമ്പ് പൈപ്പ്

60. വായു, നീരാവി, വെള്ളം എന്നിവയുടെ ഗതി നിയന്ത്രിക്കുവാൻ പൈപ്പുകളിൽ സ്ഥാപിക്കുന്ന വാൽവ് ഏത്?

(A) ഗ്ലോബ് വാൽവ്
(B) സ്റ്റോപ്പ് വാൽവ്
(C) പ്ലഗ് കോക്ക്
(D) റിഫ്ലക്സ് വാൽവ്

61. ഹാമ്മർഹെഡ് നിർമ്മിക്കുന്നത് :

(A) കാസ്റ്റിംഗ്
(B) മരം
(C) വാർപ്പിരുമ്പ്
(D) ഡ്രോപ്പ് ഫോർജ്ഡ് കാർബൺ സ്റ്റീൽ

62. അഗ്രങ്ങളിൽ പിരിയും പരമാവധി 300 mm നീളവുമുള്ള ഗാൽവനൈസിംങ്ങ് പൈപ്പിന്റെ പേര് :

(A) വാൾപീസ്
(B) കപ്ലിംഗ്
(C) നിപ്പിൾ
(D) കണക്റ്റർ

63. സ്കോർ (Scour) വാൽവുകൾ ഉപയോഗിക്കുന്നത് :

(A) വെള്ളത്തിലുള്ള അഴുക്കുകൾ ഒഴുക്കിക്കളയാൻ
(B) വെള്ളത്തിന്റെ ഗതി നിയന്ത്രിക്കുവാൻ
(C) വെള്ളത്തിലെ വായുവിനെ നീക്കം ചെയ്യാൻ
(D) വെള്ളത്തിന്റെ പ്രഷർ നിയന്ത്രിക്കുവാൻ

64. മരങ്ങളുടെ വേരുകൾ സീവറിൽ നിന്നും നീക്കം ചെയ്യുവാൻ ഉപയോഗിക്കുന്ന രാസപദാർത്ഥമാണ് :

(A) ക്ലോറിൻ
(B) സോഡിയം ക്ലോറൈഡ്
(C) കോപ്പർ സൾഫേറ്റ്
(D) ബാധകമല്ല

65. ഏത് പൈപ്പുകളിലാണ് വൈപ്പ്ഡ് ജോയിന്റുകൾ ഉപയോഗിക്കുന്നത്?

(A) ജി.ഐ.
(B) സി.ഐ.
(C) കോപ്പർ
(D) ഈയം

66. ഹീൽ റെസ്റ്റ് ബെൻഡുകൾ സാധാരണ ഉപയോഗിക്കുന്നത് :

(A) പമ്പിംങ്ങ് ലൈനിൽ
(B) വെയ്സ്റ്റ് ലൈനിൽ
(C) സീവേജ് ലൈനിൽ
(D) റെയിൻ വാട്ടർ പൈപ്പിൽ



Join PSC WhatsApp Broadcast List : 90747 20773

67. സീവേജ് പമ്പിങ്ങിനു ഉപയോഗിക്കുന്ന പമ്പ് ഏത്?

(A) ഹാൻഡ് പമ്പ്
(B) റോട്ടറി പമ്പ്
(C) റെസിപ്രോഗേറ്റിങ്ങ് പമ്പ്
(D) സെന്ട്രിഫ്യൂഗൽ പമ്പ്

68. ഗാൽവനൈസിങ്ങിന് ഉപയോഗിക്കുന്ന പദാർത്ഥം ഏത്?

(A) സിങ്ക്
(B) സിൽവർ
(C) ഈയം
(D) ആന്റിമണി

69. അലുമിനിയത്തിന്റെ അയിര് ഏതാണ്?

(A) കോബാൾട്ട്
(B) പൈറൈറ്റ്
(C) ബോക്സൈറ്റ്
(D) നിക്കൽ

70. 67.3% കാരീയം, 31% വെള്ളത്തീയം, 1.7% ആന്റിമണി എന്നിവ കൂട്ടുലോഹമായി നിർമ്മിക്കുന്ന സോൾഡർ ഏത്?

(A) ടിൻ സ്മിത്ത് സോൾഡർ
(B) പ്ലംബേഴ്സ് സോൾഡർ
(C) ബ്ലോ പൈപ്പ് സോൾഡർ
(D) സോൾഡർ

71. സാധാരണ RCC (ആർ.സി.സി.) കോൺക്രീറ്റിൽ സിമന്റ്, മണൽ, മെറ്റൽ എന്നിവയുടെ അനുപാതം എത്ര?

(A) 1 : 3 : 4
(B) 1 : 3 : 6
(C) 1 : 2 : 6
(D) 1 : 2 : 4

72. സീവേജിന് പൈപ്പിലൂടെ സ്വയം ഒഴുകിപ്പോകുന്നതിനാവശ്യമായ പ്രവേഗം ലഭിക്കുവാൻ പൈപ്പുകൾക്ക് ________ വേണം.

(A) ഗ്രേഡിയന്റ്
(B) ജോയിന്റ്
(C) മിനുസം (Smoothness)
(D) ലെവൽ

73. ഫൗൾ ഗ്യാസുകൾ തടയാൻവേണ്ടി ഡ്രെയിൻ പൈപ്പുകളിൽ സ്ഥാപിക്കുന്നത് :

(A) ഇൻസ്പെക്ഷൻ ചേമ്പർ
(B) ട്രാപ്പുകൾ
(C) വെന്റ് പൈപ്പ്
(D) വെന്റ് കൗൾ

74. നേർരേഖയിൽ മാൻഹോളുകൾ സ്ഥാപിക്കുന്ന അകലം എത്ര?

(A) 100 മീറ്റർ
(B) 90 മീറ്റർ
(C) 120 മീറ്റർ
(D) 300 മീറ്റർ

75. ജലം ശുദ്ധീകരിക്കുമ്പോൾ വെള്ളത്തിൽ പൊങ്ങി (ഫ്ലോട്ടിംഗ്) കിടക്കുന്ന മാലിന്യങ്ങൾ ശുദ്ധീകരിക്കുന്നതിന് :

(A) സെഡിമെന്റേഷൻ
(B) ഫിൽട്രേഷൻ
(C) ഡിസിൻഫക്ഷൻ
(D) സ്ക്രീനിങ്ങ്



Join PSC WhatsApp Broadcast List : 90747 20773

76. ഒന്നിൽ കൂടുതൽ വേസ്റ്റ് (waste) പൈപ്പുകൾ ജോയിന്റ് ചെയ്യുന്ന ട്രാപ്പ് ഏത്?

(A) ബോട്ടിൽ ട്രാപ്പ്
(B) മൾട്ടി ഫ്ലോർ ട്രാപ്പ്
(C) ഇന്റർസെപ്റ്റിക്ക് ട്രാപ്പ്
(D) നഹാനി ട്രാപ്പ്

77. ജലവിതരണ പദ്ധതികളിൽ വെള്ളം ശേഖരിക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന സംഭരണിയാണ് :

(A) സെസ്പൂൾ
(B) ഡ്രിങ്കിങ്ങ് ഫൗണ്ടൻ
(C) സോക്ക്പിറ്റ്
(D) സർവ്വീസ് റിസർവോയർ

78. ഹ്യൂം (Hume) പൈപ്പുകൾ കൂട്ടിയോജിപ്പിക്കുന്ന രീതി ഏത്?

(A) കോൺക്രീറ്റുകൊണ്ട്
(B) കോളർ ഉപയോഗിച്ച്
(C) പിരികൾ വെട്ടി
(D) ഈയം ഉരുക്കി

79. പൈപ്പ് ജോയിന്റുകൾ പരിശോധിക്കുമ്പോൾ കുത്തനെ സ്ഥാപിച്ച പൈപ്പുകളിലും, മണ്ണിനടിയിൽ സ്ഥാപിച്ച പൈപ്പുകളിലും ഒരുപോലെ ഉപയോഗിക്കപ്പെടുന്ന പരിശോധന രീതി ഏത്?

(A) സ്മെൽ ടെസ്റ്റ്
(B) ഹൈഡ്രോളിക് ടെസ്റ്റ്
(C) കളർവാട്ടർ ടെസ്റ്റ്
(D) എയർ ടെസ്റ്റ്

80. താൽക്കാലിക കഠിനജലത്തെ ———————— എന്നും വിളിക്കുന്നു.

(A) നോൺ-കാർബണേറ്റ്
(B) കാർബണേറ്റ്
(C) കാർബോഹൈഡ്രേറ്റ്
(D) ബാധകമല്ല

81. ഇന്ത്യൻ ഭരണഘടനയുടെ ശില്പി :

(A) ഡോ. ബി.ആർ. അംബേദ്കർ
(B) ഡോ. രാജേന്ദ്രപ്രസാദ്
(C) ജവഹർലാൽ നെഹ്റു
(D) ഡോ. എസ്. രാധാകൃഷ്ണൻ

82. വിശ്വഭാരതി സർവ്വകലാശാലയുടെ സ്ഥാപകൻ :

(A) സ്വാമി വിവേകാനന്ദൻ
(B) സുഭാഷ് ചന്ദ്രബോസ്
(C) രവീന്ദ്രനാഥ ടാഗോർ
(D) സ്വാമി ദയാനന്ദ സരസ്വതി

83. സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് അതു ഞാൻ നേടുക തന്നെ ചെയ്യും. ഈ മുദ്രാവാക്യം ഏത് ദേശാഭിമാനിയുമായി ബന്ധപ്പെട്ടതാണ്?

(A) ലാലാ ലജ്പത് റായ്
(B) ബാലഗംഗാധര തിലക്
(C) വിപിൻ ചന്ദ്ര പാൽ
(D) ഗോപാലകൃഷ്ണ ഗോഖലെ



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

84. കോൺഗ്രസ്സിന്റെ ലക്ഷ്യം പൂർണ്ണസ്വരാജ് ആണെന്ന് പ്രഖ്യാപിച്ച സമ്മേളനം :
(A) നാഗപ്പൂർ സമ്മേളനം
(B) ലക്നൗ സമ്മേളനം
(C) സൂറത്ത് സമ്മേളനം
(D) ലാഹോർ സമ്മേളനം

85. ചുവടെ കൊടുത്തിട്ടുള്ള സംസ്ഥാനങ്ങളിൽ ഉത്തരായനരേഖ കടന്നുപോകുന്ന സംസ്ഥാനം :
(A) കേരളം
(B) കാശ്മീർ
(C) ഗുജറാത്ത്
(D) കർണ്ണാടകം

86. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി :
(A) എവറസ്റ്റ്
(B) ആനമുടി
(C) നംഗപർവ്വതം
(D) മൗണ്ട് $K_2$

87. ലോകത്തിൽ ഏറ്റവും കൂടുതൽ തേയില ഉല്പാദിപ്പിക്കുന്ന രാജ്യം :
(A) ഇംഗ്ലണ്ട്
(B) അമേരിക്ക
(C) ഇന്ത്യ
(D) ചൈന

88. ദക്ഷിണ റെയിൽവേയുടെ ആസ്ഥാനം :
(A) കേരളം
(B) ചെന്നൈ
(C) കർണ്ണാടകം
(D) ആന്ധ്രാപ്രദേശ്

89. ഇന്ത്യൻ ദേശീയപതാക രൂപകല്പന ചെയ്ത വ്യക്തി :
(A) ഗാന്ധിജി
(B) ദാദാഭായ് നവറോജി
(C) സുഭാഷ് ചന്ദ്ര ബോസ്
(D) പിങ്കളി വെങ്കയ്യ

90. നമ്മുടെ ദേശീയഗീതമായ വന്ദേമാതരം എഴുതിയത് ആര്?
(A) ബങ്കിം ചന്ദ്ര ചാറ്റർജി
(B) അരബിന്ദ ഘോഷ്
(C) സരോജിനി നായിഡു
(D) പ്രഫുല്ല ചന്ദ്ര ബോസ്

91. ദേശീയചിഹ്നത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 'സത്യമേവ ജയതേ' എന്ന വാക്യം ഏതു ഉപനിഷത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്?
(A) കഠോപനിഷത്ത്
(B) മുണ്ഡകോപനിഷത്ത്
(C) തൈത്തിരിയോപനിഷത്ത്
(D) കേനോപനിഷത്ത്

92. കേരളത്തിലെ മനുഷ്യാവകാശ കമ്മിഷന്റെ ആദ്യത്തെ ചെയർമാൻ :
(A) ജസ്റ്റീസ് എം.എം. പരീതു പിള്ള
(B) ആർ. ശങ്കരനാരായണൻ തമ്പി
(C) പാലാട്ട് മോഹൻ ദാസ്
(D) ആർ. ശങ്കർ



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

93. കേരളത്തിൽ ഉപ്പു സത്യാഗ്രഹത്തിന് നേതൃത്വം നല്കിയത് ആര്?

(A) ടി.കെ. മാധവൻ
(B) മന്നത്ത് പത്മനാഭൻ
(C) കെ. കേളപ്പൻ
(D) സഹോദരൻ അയ്യപ്പൻ

94. 'ഒന്നേകാൽക്കോടി മലയാളികൾ' എന്ന ഗ്രന്ഥം ഐക്യകേരളത്തിന്റെ സാധ്യത ബോധ്യപ്പെടുത്തി - ഈ ഗ്രന്ഥത്തിന്റെ കർത്താവാര്?

(A) എസ്.കെ. പൊറ്റെക്കാട്
(B) ഇ.എം.എസ്. നമ്പൂതിരിപ്പാട്
(C) എൻ.എൻ. കക്കാട്
(D) വി.ടി. ഭട്ടതിരിപ്പാട്

95. സംഘടിച്ച് ശക്തരാകാനും, വിദ്യകൊണ്ട് പ്രബുദ്ധരാകാനും കേരളീയരെ ഉപദേശിച്ച സാമൂഹ്യ പരിഷ്കർത്താവ് :

(A) ചട്ടമ്പിസ്വാമികൾ
(B) വൈകുണ്ഠസ്വാമി
(C) കുമാര ഗുരു
(D) ശ്രീനാരായണഗുരു

96. കേരളത്തിൽ ജന്മിസമ്പ്രദായം അവസാനിപ്പിക്കാൻ കാരണമായ നിയമം :

(A) ഭൂപരിഷ്ക്കരണ നിയമം
(B) കുടിയൊഴിക്കൽ വിരുദ്ധ നിയമം
(C) മിച്ചഭൂമി നിയമം
(D) കേരള സഹകരണ നിയമം

97. 'മിസൈൽ മാൻ ഓഫ് ഇന്ത്യ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഇന്ത്യൻ ശാസ്ത്രജ്ഞൻ :

(A) ഡോ. വിക്രം സാരാഭായ്
(B) ഡോ. സി.വി. രാമൻ
(C) ഡോ. എ.പി.ജെ. അബ്ദുൾ കലാം
(D) ഡോ. സതീഷ് ധവാൻ

98. ചൊവ്വാ ഗ്രഹത്തിലേക്കുള്ള ഭാരതത്തിന്റെ ബഹിരാകാശ ദൗത്യം :

(A) പാത്ത് ഫൈൻഡർ
(B) മംഗൾയാൻ
(C) റോസെറ്റ
(D) അഗ്നി

99. 2015 ലെ ദേശീയ ഗെയിംസിന്റെ ഭാഗ്യചിഹ്നം :

(A) പപ്പുസീബ്ര
(B) അപ്പു എന്ന ആനക്കുട്ടി
(C) മിഷ എന്ന കരടിക്കുട്ടി
(D) അമ്മു എന്ന വേഴാമ്പൽ

100. ഏകദിന ക്രിക്കറ്റിലെ ഏറ്റവും ഉയർന്ന സ്കോർ എന്ന റെക്കോഡ് നേടിയ ഇന്ത്യക്കാരൻ :

(A) രോഹിത് ശർമ്മ
(B) വീരേന്ദ്ര സെവാഗ്
(C) സച്ചിൻ ടെൻഡുൽക്കർ
(D) വിരാട് കോഹ്‌ലി



Join PSC WhatsApp Broadcast List : 90747 20773